## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4053 25-06-2018-ലെ മറുപടിക്ക്

### ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>" ഇ. കെ. വിജയൻ<br>ശ്രീമതി. ഗീതാ ഗോപി<br>" സി. കെ. ആശ | ശ്രീ. എ. കെ. ബാലൻ<br>ബഹു. പട്ടികജാതി, പട്ടികവർഗ്ഗ,<br>പിന്നോക്ക സമുദായക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി |

| | |
|---|---|
| (എ) അഭിഭാഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ; | 1. അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുന്ന ഒരംഗത്തിന് യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 14285/-രൂപ എന്ന നിരക്കിൽ പരമാവധി 5 ലക്ഷം രൂപ നിധിയിൽ നിന്നും അനുവദിച്ചുവന്നിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 25000/- രൂപ എന്ന നിരക്കിൽ പരമാവധി ആനുകൂല്യം 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.<br><br>2. യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് മരണപ്പെടുന്ന ഒരംഗത്തിന്റെ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അല്ലെങ്കിൽ നിയമാനുസൃത അവകാശിയ്ക്കോ അനുവദിയ്ക്കുന്ന പരമാവധി ആനുകൂല്യം 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്. |

| | | |
|---|---|---|
| | | 3. ഫണ്ടിലെ അംഗങ്ങൾക്ക് മേജർ ശസ്ത്രക്രിയ ഉൾപ്പെടുന്ന ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന സംഗതിയിലോ കാൻസർ ചികിത്സയ്ക്കും മറ്റ് ഗുരുതര രോഗങ്ങൾക്കും വേണ്ടിയോ 3 വർഷക്കാലയളവിലേയ്ക്ക് 1 ലക്ഷം രൂപ നൽകുന്നതിന് വ്യവസ്ഥ ചെയ്തു.<br>4.<br>30 വയസ്സ് പൂർത്തിയാക്കാത്തതും 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന്, ട്രസ്റ്റി കമ്മിറ്റി കാലകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പൻഡ് നൽകുന്നതിന് വ്യവസ്ഥ ചെയ്തു. അതിൻ പ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 5000/- രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിയ്ക്കുന്നതിന് 09/03/2018-ലെ സ.ഉ.(എം. എസ്) നം.36/2018/നിയമം പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുള്ളതുമാണ്. |
| (ബി) | ജൂനിയർ അഭിഭാഷകർക്ക് 5000/- രൂപ പ്രതിമാസ സ്റ്റൈപ്പന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ; | 30 വയസ്സ് പൂർത്തിയാക്കാത്തതും 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന്, ട്രസ്റ്റി കമ്മിറ്റി കാലകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പൻഡ് നൽകുന്നതിന് വ്യവസ്ഥ ചെയ്തതിൻ പ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം |

| | | |
|---|---|---|
| | | 5000/- രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിയ്ക്കുന്നതിന് 09/03/2018-ലെ സ.ഉ.(എം. എസ്) നം.36/2018/നിയമം പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുണ്ട്. |
| (സി) | ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ? | ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. |
| | | 1. 30 വയസ്സ് പൂർത്തിയാക്കാത്തവരും 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തവരുമായ അഭിഭാഷകർക്ക് മാത്രമേ സ്റ്റൈപ്പൻഡ് ലഭിക്കുവാൻ അർഹതയുള്ളൂ. |
| | | 2. കേരള അഭിഭാഷകക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അഭിഭാഷകൻ അംഗമായിട്ടുള്ള ബാർ അസോസിയേഷൻ മുഖാന്തിരവും ബന്ധപ്പെട്ട ബാർ അസോസിയേഷന്റെ ശുപാർശ സഹിതവുമാണ് ട്രസ്റ്റി കമ്മിറ്റിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടത്. |
| | | 3. അപേക്ഷകയുടെ / അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്നതിനായി ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജനനസർട്ടിഫിക്കറ്റിന്റെ / മറ്റ് ആധികാരികരേഖയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. വാർഷികവരുമാനം തെളിയിയ്ക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും, ബാറിലെ |

| | | |
|---|---|---|
| | | സേവനകാലവും നിലവിൽ സേവനം ചെയ്തുവരുന്നതുമായ വിവരങ്ങൾ തെളിയിക്കുന്നതിന് ബന്ധപ്പെട്ട ബാർ അസോസിയേഷൻ പ്രസിഡന്റ് / സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കേണ്ടതാണ്. |
| | 4. | ജൂനിയർ അഭിഭാഷകൻ സജീവ പ്രാക്ടീസിലാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ സീനിയർ അഭിഭാഷകൻ (പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രാക്ടീസുള്ള) അഥവാ ബന്ധപ്പെട്ട ബാർ അസോസിയേഷൻ നൽകിയ സാക്ഷ്യപത്രം 3 മാസത്തിലൊരിക്കൽ ട്രസ്റ്റി കമ്മിറ്റി മുമ്പാകെ നൽകേണ്ടതാണ്. |
| | 5. | തെറ്റായ വിവരങ്ങൾ നൽകിയോ വ്യാജരേഖ ചമച്ചോ സ്റ്റൈപ്പൻഡ് കൈപ്പറ്റുന്ന അഭിഭാഷകർ അപ്രകാരം കൈപ്പറ്റിയ തുക 12 % പലിശ സഹിതം തിരിച്ചടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഇതിനുപുറമേ ഇവർക്കെതിരെ ക്രിമിനൽ നടപടികളും സ്വീകരിക്കാവുന്നതാണ്. അനർഹരായവർക്ക് സ്റ്റൈപ്പൻഡ് ലഭ്യമാക്കുന്നതിന് തെറ്റായ സർട്ടിഫിക്കറ്റുകൾ നൽകുന്ന ബാർ അസോസിയേഷൻ സെക്രട്ടറി / പ്രസിഡന്റ്/ സീനിയർ അഭിഭാഷകനെതിരെയും അച്ചടക്ക നടപടിയും നിയമനടപടികളും സ്വീകരിക്കാവുന്നതാണ്. മേൽ കാണിച്ച നിബന്ധനകൾ പാലിക്കുന്നതിന് മുദ്രപ്പത്രത്തിൽ ഒരു ബോണ്ട് നൽകേണ്ടതാണ്. |

| | |
|---|---|
| | 6. സ്റ്റൈപ്പൻഡ് ലഭിക്കുവാനുള്ള അർഹത ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി നിശ്ചയിക്കുന്ന മറ്റ് വ്യവസ്ഥകൾക്കും കൂടി വിധേയമായിരിക്കും. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ